ലോൺ തുക	*പലിശനിരക്ക്*
1. 2,00,000 രൂപ വരെയുള്ള വായ്പകൾക്ക്	14 ശതമാനം
2. 2,00,001 രൂപ മുതൽ	15.5 ,,
3. ആശുപത്രികൾ, മറ്റു സേവന മേഖലകൾക്ക്	16 ,,
4. പ്രവർത്തന മൂലധനത്തിന്	17 ,,
5. ഇടക്കാല വായ്പകൾ (Short term loan)	19 ,,

(സി) ഇല്ല.

(ഡി) 15-12-2003-ൽ ആണ് കോർപ്പറേഷൻ പലിശനിരക്ക് ഏറ്റവും അവസാനമായി പുനർനിർണ്ണയം ചെയ്തത്. 15-12-2003-നു മുൻപായി എടുത്തിട്ടുള്ളതും കൃത്യമായി തിരിച്ചടവുള്ള വായ്പകൾക്കും പലിശ പുനർനിർണ്ണയം നൽകിയിട്ടുണ്ട്. കൂടാതെ കുടിശ്ശികയുള്ളവർ അവരുടെ 1-1-2004-ലെ പലിശയുടെ അൻപത് (50) ശതമാനമെങ്കിലും 31-3-2004-നുള്ളിൽ തിരിച്ചടച്ചിട്ടുണ്ടെങ്കിൽ അവർക്ക് ഈ ആനുകൂല്യം ബാധകമാക്കിയിട്ടുണ്ട്.

പുനർനിർണ്ണയം ചെയ്തിട്ടുള്ള പലിശനിരക്ക് താഴെ കൊടുത്തിരിക്കുന്നു :

ലോൺ തുക	*പലിശനിരക്ക്*
1. 50,000 രൂപ വരെയുള്ള വായ്പകൾക്ക്	9.25 ശതമാനം
2. 50,001 രൂപ മുതൽ 2,00,000 രൂപ വരെ	9.75 ,,
3. 2,00,001 രൂപയ്ക്കു മുകളിൽ	12.5 ,,

റേഷൻ മൊത്തവിതരണ ഡിപ്പോകളിൽ നടന്ന ക്രമക്കേട്

*25 [229] ശ്രീ. റോഷി അഗസ്റ്റിൻ:
,, തോമസ് ചാഴികാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ റേഷൻ മൊത്തവിതരണ ഡിപ്പോകളിൽ ക്രമക്കേട് നടക്കുന്നതായ വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതുമായി ബന്ധപ്പെട്ട് സർക്കാരിന് പരാതി ലഭിച്ചിട്ടുണ്ടോ;

(സി) ക്രമക്കേടുകൾ കണ്ടെത്തുന്നതിന് സർക്കാർ വിജിലൻസ് അന്വേഷണം നടത്തിയിട്ടുണ്ടോ;

(ഡി) എങ്കിൽ അന്വേഷണ റിപ്പോർട്ടിന്റെ വിശദാംശങ്ങൾ അറിയിക്കാമോ;

(ഇ) കുറ്റക്കാർക്കെതിരെ സർക്കാർ സ്വീകരിച്ച നിയമ നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. ജി കാർത്തികേയൻ):

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ വിജിലൻസ് വിഭാഗം അന്വേഷണം നടത്തിയിട്ടുണ്ട്.

(ഡി ആന്റ് ഇ) സിവിൽ സപ്ലൈസ് കോർപ്പറേഷൻ നടത്തുന്ന സംസ്ഥാനത്തെ 9 റേഷൻ മൊത്ത വ്യാപാര ഡിപ്പോകളിൽ 11-6-2004-ൽ കോർപ്പറേഷന്റെ ഇന്റേണൽ ആഡിറ്റ് വിഭാഗം നടത്തിയ മിന്നൽ പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകളുടെ അടിസ്ഥാനത്തിൽ 11 (പതിനൊന്ന്) ഉദ്യോഗസ്ഥൻമാരെ അന്വേഷണവിധേയമായി സർവീസിൽ നിന്നും സസ്പെൻഡ് ചെയ്തിട്ടുണ്ട്. കൂടാതെ പീരുമേട് ഡിപ്പോയിൽ നിന്നും 21-4-2004-ൽ റേഷൻ വിതരണത്തിന് വേണ്ടി നൽകിയ ഒരു ലോഡ് അരി കരിഞ്ചന്തയിൽ വിൽക്കാനുള്ള ശ്രമം പോലീസ് ഇടപെട്ട് തടയുകയും ടി.സ്റ്റോക്ക് പിടിച്ചെടുക്കുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഡിപ്പോയുടെ ചാർജ് വഹിക്കുന്ന ഉദ്യോഗസ്ഥനെ അന്വേഷണ വിധേയമായി സസ്പെൻഡ് ചെയ്യുകയും, ഡിപ്പോയിലെ മറ്റ് ജീവനക്കാരെ സ്ഥലം മാറ്റുകയും ചെയ്തിട്ടുണ്ട്.

നിരോധിക്കപ്പെട്ട കീടനാശിനികൾ

*26 [230] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ കാർഷിക വിളകൾക്ക് ഉപയോഗിക്കുന്നതിനു സംസ്ഥാന സർക്കാർ അനുമതി നൽകിയിട്ടുള്ള കീടനാശിനികൾ ഏതൊക്കെയാണ്;

(ബി) സംസ്ഥാനത്ത് നിരോധിച്ചിട്ടുള്ള കീടനാശിനികൾ ഏതെല്ലാമാണ്; ഈ കീടനാശിനികൾ നിരോധിച്ചതിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ;

(സി) നിരോധിക്കപ്പെട്ട കീടനാശിനികൾ സംസ്ഥാനത്ത് ഉപയോഗിക്കുന്നതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതു ഫലപ്രദമായി തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) സംസ്ഥാന കൃഷിവകുപ്പും വിവിധ സർക്കാർ ബോർഡുകളും പ്ലാന്റേഷൻ കോർപ്പറേഷൻ, ഫാമിംഗ് കോർപ്പറേഷൻ തുടങ്ങിയവയും ഓരോ വർഷവും കീടനാശിനി ഉപയോഗിക്കുന്നതിനായി എത്ര സംഖ്യ ചെലവഴിക്കുന്നുണ്ട് എന്നു വ്യക്തമാക്കാമോ;

(ഇ) കാസർഗോഡ് മേഖലയിൽ നിരോധിക്കപ്പെട്ട കീടനാശിനികൾ ഇപ്പോഴും വ്യാപകമായി ഉപയോഗിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു തടയുന്നതിനു സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly